**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1666** **04-02-2026 - ൽ മറുപടിയ്ക്ക്**

**വൈഗയോടനുബന്ധിച്ച് നടക്കുന്ന ബി2ബി മീറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വൈഗയോടനുബന്ധിച്ച് നടക്കുന്ന ബി2ബി (ബിസിനസ് റ്റു ബിസിനസ്) മീറ്റ് നാളിതുവരെ പുതിയ കാർഷിക സംരംഭകത്വ മേഖലയിൽ എത്ര നിക്ഷേപം ഉണ്ടാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | 2021 വർഷത്തിൽ ബി2ബി മീറ്റ് നടത്തിയെങ്കിലും വിർച്ചൽ മോഡിൽ ആണ് നടത്തപ്പെട്ടത്. ആയതിനാൽ തന്നെ ഒരു തരത്തിലുള്ള ബിസിനസ് എഗ്രിമെന്റും വെക്കുകയുണ്ടായില്ല. സംസ്ഥാന കൃഷി വകുപ്പ് ആദ്യമായി 2023 ലാണ് ബി2ബി മീറ്റ് ഭൗതികമായി സംഘടിപ്പിക്കുന്നത്.<br><br><u>വൈഗ 2023</u><br><br>ഉൽപാദകർക്കും സംരംഭകർക്കും തങ്ങളുടെ ഉൽപന്നങ്ങൾ നേരിട്ട് വിറ്റഴിക്കുന്നതിന് അതാത് ഉൽപന്നങ്ങളുടെ ആവശ്യക്കാരുമായി കൂട്ടിമുട്ടിക്കുന്ന ഒരു ദൗത്യമാണ് ബി2ബി യിലൂടെ ലക്ഷ്യമിട്ടത്. ഇതിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവരെ ഓൺലൈനായി രജിസ്റ്റർ ചെയ്യിക്കുകയും ഇവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് ഏകോപിപ്പിക്കുകയും ചെയ്തു. 28/02/23 ൽ സംഘടിപ്പിച്ച ബി2ബി മീറ്റിൽ 133 ഉൽപാദകർ തങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചു. ഇതിൽ കർഷകർ, FPO കൾ, കർഷക കൂട്ടായ്മകൾ, സംരംഭകർ, തുടങ്ങിയവർ പങ്കെടുത്തു. ബി2ബി യിൽ പ്രദർശിപ്പിച്ച ഉൽപന്നങ്ങൾ നേരിൽ കണ്ട് വിൽപ്പന ഉറപ്പിക്കുന്നതിനായി 94 കച്ചവടക്കാർ പങ്കെടുത്തു. ഇതിൽ പ്രധാന വ്യാപാര ശൃംഖലകൾ, കയറ്റുമതിക്കാർ, സംരംഭകർ, മൊത്ത വ്യാപാരികൾ തുടങ്ങിയവർ പങ്കെടുത്തു. അന്നേ ദിവസം 39.76 കോടി രൂപയുടെ 129 ധാരണാപത്രങ്ങൾ കൈമാറി. ഇത്തരത്തിൽ സംഘടിപ്പിച്ച B2B പരിപാടിയെക്കുറിച്ച് വളരെ നല്ല പ്രതികരണങ്ങളാണ് ലഭിച്ചിട്ടുള്ളത്.<br><br>ദിശയിൽ(ബി2ബി) പ്രദർശിപ്പിച്ച മൂല്യവർദ്ധിത ഉത്പന്നങ്ങൾ<br><br>. നാളികേരം |

| | | | |
|---|---|---|---|
| | | | . സുഗന്ധവ്യഞ്ജനങ്ങൾ<br>. വാഴപ്പഴം<br>. ധാന്യങ്ങൾ,ചെറുധാന്യങ്ങൾ<br>. ഭൗമസൂചികാ പദവി ലഭിച്ച കാർഷിക ഉത്പന്നങ്ങൾ<br>. വിദേശീയ തദ്ദേശീയ ഫല വർഗ്ഗങ്ങൾ<br>. ഔഷധ സസ്യങ്ങൾ<br>. തേയില, കാപ്പി<br>വൈഗ2026-ന്റെ ബി2 ബി മീറ്റ് 13/02/2026-ന്ന തിരുവനന്തപുരത്തു വച്ച് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ബി2ബി മീറ്റിൽ 03/02/2026 വരെ 295 സെല്ലേഴ്സും 81 ബയേഴ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ